പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.962** 05/03/2018 -ൽ മറുപടിയ്ക്ക്

**സ്കൂൾകുട്ടികൾക്കുള്ള അപകടമരണ ആനുകൂല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം.കെ.മുനീർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50000/- രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50000/- രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ജി.ഒ (എം എസ്) നം.163/2016/പൊവിവ, തീയതി 30.09.2016 പ്രകാരം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നടത്തി വരുന്നത്. 30.09.2016 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കുകയും അർഹത പ്പെട്ടവർക്ക് ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്? | കുട്ടികളുടെ അപകടം, മരണം എന്നിവ സംഭവിച്ചു പ്രകാരമുള്ള ക്ലെയിമുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. രക്ഷകർത്താവിന്റെ മരണം സംഭവിക്കുന്നതു മൂലമുള്ള ക്ലെയിമുകൾ ഒന്നുംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചതാണ്. ആയതിനാൽ സ്കീമിന്റെ നടത്തിപ്പ് സംബന്ധിച്ചും, അർഹതപ്പെട്ടവരെ തീരുമാനിക്കുന്നതു സംബന്ധിച്ചും കൂടുതൽ വ്യക്തത വരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ